**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2204** **21-06-2024-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേരി മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സ്ഥലംമാറ്റം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. എ. ലത്തീഫ് ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** മഞ്ചേരി മെഡിക്കൽ കോളേജിൽനിന്നും അടുത്തിടെ പന്ത്രണ്ട് ഡോക്ടർമാരെ സ്ഥലം മാറ്റിയതുമൂലം ഭിന്നശേഷി മെഡിക്കൽ ക്യാമ്പ് അടക്കം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** മലപ്പുറം ജില്ലയിലെ അരീക്കോട് താലൂക്ക് ആശുപത്രിയിൽ 24 മണിക്കൂർ കാഷ്വാലിറ്റി ആരംഭിക്കുന്നതിനും, താലൂക്ക് ആസ്ഥാന ആശുപത്രി കൊണ്ടോട്ടി, താലൂക്ക് ആസ്ഥാന ആശുപത്രി മലപ്പുറം എന്നീ ആശുപത്രികളിലെ കാഷ്വാലിറ്റി ശക്തിപ്പെടുത്തുന്നതിനും മഞ്ചേരി ജനറൽ ആശുപത്രിയിൽ നിന്നും 12 അസിസ്റ്റന്റ് സർജൻമാരെ സ്റ്റോപ്പ് ഗ്യാപ് വ്യവസ്ഥയിൽ മേൽ ആശുപത്രികളിലേക്ക് നിയമിക്കുകയുണ്ടായി. ആരോഗ്യവകുപ്പിന് കീഴിലുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും നിലവിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ തന്നെ ജോലി ചെയ്തു വരുന്നുണ്ട്. ഈ ക്രമീകരണം മൂലം ആശുപത്രിയിലെ ഭിന്നശേഷി മെഡിക്കൽ ക്യാമ്പ് തടസപ്പെട്ടിട്ടില്ല.

**(ബി)** ദിവസവും നാനൂറിലധികം ഒ.പി. രോഗികളെ പരിശോധിച്ചിരുന്ന പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരുടെ അപര്യാപ്തതമൂലം നിലവിൽ പകുതിയോളം രോഗികളെ മാത്രമാണ് പരിശോധിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രതിദിനം ശരാശരി 3528 രോഗികൾ ഒ.പി - യിൽ ചികിത്സ തേടിയെത്തുന്നുണ്ട്. പ്രതിദിന ശരാശരി ഐ.പി 458 ആണ്. മേൽ ക്രമീകരണം നടത്തിയത് മൂലം ഒ.പി, ഐ.പി സേവനങ്ങൾ തടസ്സപ്പെട്ടിട്ടില്ല. ഇവിടെ എത്തുന്ന മുഴുവൻ രോഗികൾക്കും ചികിത്സ നൽകുന്നുണ്ട്.

**(സി)** സ്ഥലംമാറ്റിയ ഡോക്ടർമാരെ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുനർനിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** അപ്രകാരം പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല.

**സെക്ഷൻ ഓഫീസർ**